സെക്രട്ടറിയേറ്റിലുള്ള ശിശുവിഹാർ

41 (3122)ശ്രീ. കെ. ബാബു :
ശ്രീ. എം. മുരളി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടറിയേറ്റിലുള്ള 'ശിശുവിഹാർ' എന്നു മുതലാണ് പ്രവർത്തനം ആരംഭിച്ചത്;

(ബി) ഇവിടെ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ട്;

(സി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ഡി) ഓരോ തസ്തികയിലും പ്രവർത്തിച്ചുവരുന്നവർക്ക് നൽകുന്ന ശമ്പളം എത്രയാണ്;

(ഇ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സംയോജിത ശിശുവികസന സൂപ്പർവൈസർമാർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ സെക്രട്ടേറിയറ്റിലെ ശിശുവിഹാർ ജീവനക്കാർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1980 മുതൽ

(ബി) 4 പേർ. രണ്ട് ടീച്ചർമാരും രണ്ട് ആയമാരും.

(സി)&(ഡി) ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കുന്ന കേരള സെക്രട്ടേറിയറ്റ് വിമൻസ് വെൽഫെയർ സൊസൈറ്റിയുടെ കീഴിലാണ് ഈ ശിശുവിഹാർ പ്രവർത്തിക്കുന്നത്. ഇതിലെ കമ്മിറ്റി അംഗങ്ങളും ജീവനക്കാരും വോളന്ററിയായിട്ട് പ്രവർത്തിക്കുന്നതുകൊണ്ട് പ്രത്യേക സേവന വേതന വ്യവസ്ഥകളൊന്നും നിലവിലില്ല. ശിശുവിഹാറിലെ ജീവനക്കാർക്ക് താഴെ പറയും പ്രകാരമുള്ള ഓണറേറിയം നൽകുന്നുണ്ട്.

സീനിയർ ആയ	735 രൂപ	(15 കൊല്ലത്തിനുമേൽ സർവ്വീസ്)
ജൂനിയർ ആയ	615 രൂപ	(10 കൊല്ലത്തിനുമേൽ സർവ്വീസ്)
സീനിയർ ടീച്ചർ	645 രൂപ	(7 കൊല്ലത്തിനുമേൽ സർവ്വീസ്)
ജൂനിയർ ടീച്ചർ	615 രൂപ	(4 കൊല്ലത്തിനുമേൽ സർവ്വീസ്)

(ഇ) ഓണറേറിയം പറ്റിക്കൊണ്ട് ജോലിചെയ്യുന്ന വോളന്ററി ജീവനക്കാരാണ് സെക്രട്ടേറിയറ്റ് ശിശുവിഹാറിലുള്ളത്. ഇതിന്റെ നടത്തിപ്പുമായി സാമൂഹ്യക്ഷേമവകുപ്പിന് ബന്ധമൊന്നുമില്ലാത്തതിനാൽ ഈ ആവശ്യം പരിഗണിക്കുവാൻ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly